# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3347 13.03.17 ൽ മറുപടിയ്ക്ക്**

**<u>ദീർഘദൂര സർവ്വീസുകൾ നടത്തുന്ന സ്വകാര്യ ലക്ഷ്വറി ബസ്സുകൾ</u>**

| ചോദ്യം<br>ശ്രീ. വി. കെ. സി. മമ്മത് കോയ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിൽ ദീർഘദൂര സർവ്വീസുകൾ നടത്തുന്ന സ്വകാര്യ ലക്ഷ്വറി ബസ്സുകൾ എത്രയെണ്ണം ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ ദീർഘദൂര സർവ്വീസുകൾ നടത്തുന്ന സ്വകാര്യ ലക്ഷ്വറി ബസ്സുകളുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | ഇത്തരം ബസ്സ് സർവ്വീസ് നടത്തുന്ന ഏജൻസികളെ നിയന്ത്രിക്കുന്നതിന് നിലവിൽ നിയമമുണ്ടോ; | (ബി) | ഏജൻസികൾക്ക് ഈ പ്രവർത്തനത്തിന് ആവശ്യമായ ലൈസൻസ്, കേരള മോട്ടോർ വാഹന ചട്ടപ്രകാരം കരസ്ഥമാക്കാവുന്നതാണ്. |
| (സി) | സ്വകാര്യ ലക്ഷ്വറി ബസ്സ് സർവ്വീസുകൾ പൊതു അവധി ദിനങ്ങളോടനുബന്ധിച്ച് അമിതമായ നിരക്ക് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) | പരാതികൾ ലഭിക്കുന്ന സന്ദർഭങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് പരിഹാരം കണ്ടെത്തുന്നതാണ്. |
| (ഡി) | ഇത്തരം ബസ്സ് സർവ്വീസുകളുടെ ടിക്കറ്റ് നിരക്കുകൾ നിശ്ചയിക്കുന്നതിന് അധികാരപ്പെട്ടവർ ആരാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇത്തരം വാഹനങ്ങൾക്ക് സർക്കാർ നിരക്കുകൾ നിശ്ചയിച്ചിട്ടില്ല. കോൺട്രാക്ട് വ്യവസ്ഥയിൽ ഇരുകക്ഷികളും അംഗീകരിച്ച് സർവ്വീസ് നടത്തുന്നവയാണ് ഇത്തരം വാഹനങ്ങൾ. |

സെക്ഷൻ ഓഫീസർ